# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 932 12.06.2013-ൽ മറുപടിയ്ക്ക്

**പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകളിൽ ഇ-ലാബ് പദ്ധതി**

**ചോദ്യം**

ശ്രീ. വി. ശശി

**ഉത്തരം**

ശ്രീ. എ.പി. അനിൽകുമാർ

(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകളിൽ നടപ്പാക്കിയ ഇ-ലാബ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതിക്കായി എത്ര തുക ബജറ്റിൽ വകകൊള്ളിച്ചുവെന്നും ആയതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ ഓരോ ഹോസ്റ്റലിലും 100 കുട്ടികൾക്കു വീതം Professional and life skill training നൽകുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് ഇ-ലാബ്. ഈ പദ്ധതിയ്ക്കായി 17.11.2011 ലെ സ.ഉ.(സാധാ) നമ്പർ 1122/2011/ പജപവവിവ പ്രകാരം 72,00,000/- രൂപ അനുവദി ച്ചിരുന്നു. ഇതിൽ 16,00,000/-രൂപ പ്രസ്തുത പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 01.02.2012 ലെ സ.ഉ(സാധാ) നമ്പർ 188/12/ പജപവവിവ പ്രകാരം ഫർണിച്ചർ, കമ്പ്യൂട്ടർ അനുബന്ധ സാധനങ്ങൾ എന്നിവയ്ക്കായി 9,91,350/- രൂപ അനുവദിക്കുകയും ആയത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസി ആരായിരുന്നുവെന്നും എത്ര തുക പ്രസ്തുത ഏജൻസിക്ക് നൽകിയെന്നും വ്യക്തമാക്കാമോ; പ്രസ്തുത തുക എന്തെല്ലാം പരിപാടികൾക്കായാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കുമോ ; | (ബി) | പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസി NIIT ബാംഗ്ലൂർ ആണ്. 25,91,350/-രൂപ ഈ ഏജൻസിക്ക് നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിലേക്കായി 16,00,000/- രൂപയും, ഫർണിച്ചർ, കമ്പ്യൂട്ടർ അനുബന്ധ സാധനങ്ങൾ എന്നിവയ്ക്കായി 9,91,350/- രൂപയും (ആകെ 25,91,350/-രൂപ) വിനിയോഗിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പരിപാടിയിൽ പരിശീലനം ലഭിച്ച വിദ്യാർത്ഥികൾക്ക് ആരാണ് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | NIIT ബാംഗ്ലൂർ. |

സെക്ഷൻ ഓഫീസർ